# കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

(ഹാജർ: ശ്രീ. എം.പി. ആന്റണി, മെമ്പർ)

തീയതി : 19/10/2019

**സി.ആർ.എം.പി. നമ്പർ : 9785/08/LA2/2018/KeSCPCR**

| | | |
|---|---|---|
| ഹർജികക്ഷി | : | മധു,<br>S/o നാരായണൻ,<br>നടുവിൽത്തറ വീട്,<br>പി.ഒ.കാട്ടൂർ, തെക്കുംമുല,<br>തൃശ്ശൂർ - 680 702 |
| എതിർകക്ഷികൾ | : | 1) ജില്ലാ പോലീസ് മേധാവി,<br>തൃശ്ശൂർ റൂറൽ<br><br>2) വിദ്യാഭ്യാസ ഉപഡയറക്ടർ,<br>തൃശ്ശൂർ.<br><br>3) പ്രിൻസിപ്പാൾ,<br>സെന്റ് ഡൊമിനിക്സ് കോൺവെന്റ്,<br>ഇംഗ്ലീഷ് മീഡിയം സ്കൂൾ,<br>വെള്ളാനി,<br>തൃശ്ശൂർ - 680 701 |

## ഉത്തരവ്

1. ഹർജികക്ഷിയുടെ 15 വയസ്സുള്ള മകൻ അടക്കം 62 കുട്ടികളെ മൂന്നാം എതിർ കക്ഷി സ്കൂളിൽനിന്നും 24-10-2018 തീയതി വിനോദയാത്രയ്ക്ക് കൊണ്ടുപോയെന്നും 26-10-2018 തീയതിയിൽ മകനെ കാണാനില്ലെന്ന് സ്കൂൾ അധികൃതർ അറിയിച്ചുവെന്നും, പിന്നീട് വെള്ളത്തിൽ മുങ്ങി മരണപ്പെട്ടതായി അറിയിച്ചു

വെന്നും സ്കൂൾ അധികൃതരുടെ കുറ്റകരമായ അനാസ്ഥയും മനഃപ്പൂർവ്വമായ അശ്രദ്ധയും മൂലമാണ് മകൻ മരണപ്പെടുന്നതിന് ഇടയായതെന്നും ആയതിന് കാരണക്കാരായവർക്കെതിരെ നടപടിയെടുക്കണമെന്നുമാണ് ഹർജി വിഷയം.

2. ഹർജി പരിഗണിച്ച കമ്മീഷൻ എതിർകക്ഷികളിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് ഒന്നാം എതിർകക്ഷി 01-02-2019 തീയതി G3(b)-63158/2018/R നമ്പർ പ്രകാരവും, രണ്ടാം എതിർകക്ഷി 26-06-2019 തീയതി എച്ച്5/24851/18 നമ്പർ പ്രകാരവും മൂന്നാം എതിർകക്ഷി 10-12-2018 തീയതി പ്രകാരവും റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി.

3. റിപ്പോർട്ടുകൾ പരിശോധിച്ചതിൽനിന്നും കുട്ടികളെ വിനോദയാത്രയ്ക്ക് കൊണ്ടുപോകുന്നത് സംബന്ധിച്ച് കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളൊന്നും സ്കൂളധികൃതർ പാലിച്ചിട്ടുള്ളതായി വെളിവായിട്ടില്ല. കുട്ടി മരണപ്പെട്ട കാര്യത്തിന് കർണ്ണാടക ഉടുപ്പി പോലീസ് സ്റ്റേഷനിൽ ക്രൈം 127/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായിട്ട് വെളിവായിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പുപ്രകാരം താഴെപ്പറയുന്ന ശുപാർശകൾ പുറപ്പെടുവിച്ച് കമ്മീഷൻ ഉത്തരവാകുന്നു.

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന CBSE, ICSE സ്കൂളുകളിലെ കുട്ടികളെ വിനോദയാത്രയ്ക്ക് കൊണ്ടുപോകുമ്പോൾ വിനോദയാത്ര സംബന്ധിച്ച് കേരള സർക്കാർ സ.ഉ.(എം.എസ്.)51/07/പൊ.വി.വ നമ്പറായി 02-03-2017 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും CBSE/ICSE ഓഫീസുകളുടെ ഭാഗത്തുനിന്നും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

(ബി) സർക്കാർതലത്തിൽ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതുവരെ നിലവിൽ കേരള സർക്കാർ കുട്ടികളുടെ വിനോദയാത്രയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെടുത്തുവാനായി 2-ാം എതിർകക്ഷിയുടെ അധികാരപരിധിയിലുള്ള CBSE/ICSE സ്കൂളധികൃതർക്ക് ആയതിന്റെ കോപ്പി അയച്ചു നൽകേണ്ടതാണ്.

(സി) കുട്ടി മരണപ്പെട്ട വിഷയത്തിൽ നടക്കുന്ന അന്വേഷണം എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട തുടരന്വേഷണം 1-ാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

വിനോദയാത്ര സംബന്ധിച്ച് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ സ്കൂളുകൾക്ക് സർക്കാർതലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതിനായി ഈ ഉത്തരവിന്റെ പകർപ്പ് സെക്രട്ടറി ജനറൽ എഡ്യൂക്കേഷനും, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ ഓഫീസുകൾക്കും അയച്ചു നൽകേണ്ടതാണ്.

കമ്മീഷന്റെ ശുപാർശകളിന്മേൽ എതിർകക്ഷികൾ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം ഉത്തരവ് ലഭിച്ച് 60 ദിവസത്തിനുള്ളിൽ കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
എം.പി. ആന്റണി
(മെമ്പർ)

ഉത്തരവിൻ പ്രകാരം

6/12/19

പി.വി. ഗീത
രജിസ്ട്രാർ

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS * THIRUVANANTHAPURAM *